പാഠം 33

# യേശുവിന്റെ ഉയിർപ്പ്

**പാഠോദ്ദേശ്യം** : ക്രൂശിക്കപ്പെട്ട യേശു ഉയിർത്തെഴുന്നേറ്റ് എന്നേക്കുമായി ജീവിച്ചിരിക്കുന്നു എന്ന് യഥാർത്ഥമായി വിശ്വസിക്കുക.

**പാഠഭാഗം** : മത്തായി 28:1-20, യോഹ. 20:1-29

**മനഃപാഠം** : വെളിപ്പാട് 1:18

"ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ, എന്നേക്കുമായി ജീവിച്ചിരിക്കുന്നു"

**പാഠം**

അരിമത്യക്കാരനായ യോസേഫ്, യേശുവിന്റെ ശരീരം അടക്കിയതിനുശേഷം കല്ലറയുടെ വാതിൽ ഒരു വലിയ കല്ലുകൊണ്ട് അടച്ചിരുന്നു. മാത്രമല്ല, പീലാത്തോസിന്റെ കല്പനപ്രകാരം കല്ലറയ്ക്ക് ഗവണ്മെന്റ് മുദ്ര വെയ്ക്കുകയും,

Lesson 33

# THE RESURRECTION OF JESUS

**Learning Objectives** : Believe with all your heart that Jesus who was crucified, is risen and lives forever.

**Passage for Study** : Matthew 28:1-20; John 20:1-29

**Memory Verse** : Revelation 1:18 – I was dead, and now look; I am alive forever and ever!

**Lesson**

After Joseph of Arimathea had buried Jesus in the tomb that he bought, a big stone was placed at its entrance. Moreover, the government seal was placed on the stone and soldiers were



കല്ലറ കാക്കുന്നതിന് പടയാളികളെ നിയോഗിക്കുകയും ചെയ്തു.

യേശു മരിച്ചിട്ട് മൂന്നാംദിവസം ഞായറാഴ്ച അതിരാവിലെ പെട്ടെന്ന് ഒരു ഭൂകമ്പം ഉണ്ടായി. കല്ലറയുടെ വാതിൽക്കൽ ഇരുന്ന കല്ല് മാറിപ്പോകുകയും യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.

അന്നുരാവിലെ യേശുവിനെ സ്നേഹിച്ച ചില സ്ത്രീകൾ സുഗന്ധവസ്തുക്കളുമായി യേശുവിന്റെ കല്ലറയ്ക്കൽ എത്തി. വാതിൽക്കൽ വച്ചിരുന്ന വലിയ കല്ല് അവിടെ നിന്ന് മാറ്റപ്പെട്ടതായി കണ്ടു. അവർ അകത്തേക്കു നോക്കി. കല്ലറ ഒഴിഞ്ഞു കിടക്കുന്നതായി കണ്ട് അവർ അത്ഭുതപ്പെട്ടു.

അവരിൽ ഒരാൾ മഗ്ദലക്കാരത്തി മറിയ ആയിരുന്നു. അവൾ ഓടി യേശുവിന്റെ ശിഷ്യന്മാരെ വിവരം അറിയിച്ചു. അപ്പോൾ യേശുവിന്റെ ശിഷ്യന്മാരായ പത്രോസും യോഹന്നാനും ഓടി കല്ലറയ്ക്കൽ വന്ന് അകത്തു കയറി നോക്കി. യേശു പറഞ്ഞിരുന്നതുപോലെ ഉയിർത്തെഴുന്നേറ്റ് എന്ന്

posted to guard the tomb on the orders of Pilate.

There was a big earthquake on Sunday, the third day after Jesus died. An angel of the Lord came down from heaven and, going to the tomb, rolled back the stone and sat on it. Jesus was victorious over death and was resurrected.

Early in the morning, some women who loved Jesus came to the tomb with spices. They saw the stone rolled away. They looked inside and found the tomb empty and were amazed.

One of the women was Mary Magdalene. She ran to tell the disciples of Jesus about this. Peter and John came to the tomb and went inside. They were convinced that Jesus had risen just as He had told them. They returned home but Mary continued to stay near the tomb crying.



അവർക്ക് ബോധ്യമായി. അവർ വീട്ടിലേക്ക് പോയിട്ടും മറിയ കല്ലറയ്ക്കൽ കരഞ്ഞുംകൊണ്ട് നിന്നു. അപ്പോൾ യേശു അവർക്ക് പ്രത്യക്ഷനായി അവളോട് സംസാരിച്ചു.

അപ്പോൾ ശിഷ്യന്മാരുടെ അടുക്കൽ മടങ്ങിച്ചെന്ന് താൻ കർത്താവിനെ കണ്ടതും, കർത്താവ് അവളോട് സംസാരിച്ചതും അവരെ അറിയിച്ചു. അന്നു വൈകുന്നേരം ശിഷ്യന്മാർ ഒരു സ്ഥലത്ത് യെഹൂദന്മാരെ പേടിച്ച്, വാതിൽ അടച്ച് ഇരിക്കുകയായിരുന്നു. യേശു അവരുടെ നടുവിൽ നിന്നുകൊണ്ട് 'നിങ്ങൾക്ക് സമാധാനം' എന്ന് പറഞ്ഞ് തന്റെ കൈയ്യും വിലാപ്പുറവും അവരെ കാണിച്ച് അവരെ ധൈര്യപ്പെടുത്തി. അവർ വളരെ സന്തോഷിച്ചു. തുടർന്ന് പല പ്രാവശ്യം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുകയും താൻ വാസ്തവമായി ഉയിർത്തെഴുന്നേറ്റു എന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. 40-ാം ദിവസം യേശു ശിഷ്യന്മാരെ ഒലിവുമലയിൽ കൂട്ടിക്കൊണ്ടുപോകുകയും അവർ കാൺകെ സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുകയും ചെയ്തു.

Jesus appeared to her and spoke to her.

Mary Magdalene went to the disciples with the news: "I have seen the Lord!" And she told them that he had said these things to her. On the evening of that first day of the week, when the disciples were together, with the doors locked for fear of the Jewish leaders, Jesus came and stood among them and said, "Peace be with you!" After he said this, he showed them his hands and side. The disciples were overjoyed when they saw the Lord. After 40 days, Jesus took his disciples to the Mount of Olives and ascended to heaven before their very eyes.

**യേശു ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു. അതിനാൽ നമുക്ക് വിജയകരമായി ജീവിക്കുവാൻ സാധിക്കും.**

*Jesus has resurrected and is alive. Therefore we also are able to live victoriously.*




1. യേശു ഉയിർത്തെഴുന്നേറ്റത് എത്രാം ദിവസം?
2. ഉയിർത്തെഴുന്നേറ്റ യേശു ആദ്യം പ്രത്യക്ഷപ്പെട്ടത് ആർക്ക് ?
3. യേശു സ്വർഗ്ഗാരോഹണം ചെയ്തത് എത്രാമത്തെ ദിവസം ?
4. യേശു സ്വർഗ്ഗാരോഹണം ചെയ്തത് എവിടെ വച്ച്?

1. On which day was Jesus resurrected?
2. To whom did Jesus appear first after he was resurrected?
3. On which day did Jesus ascend up to heaven?
4. Where did Jesus ascend up to heaven?

